## പതിനാലാം കേരള നിയമസഭ
## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം: 5673 — 28/03/2018-ൽ മറുപടിയ്ക്ക്.

# ആശ്രിത നിയമനത്തിനായി ശ്രീ.പ്രമോദിന്റെ അപേക്ഷ

| ചോദ്യം<br>ശ്രീ.കെ.എസ്.ശബരീനാഥൻ | മറുപടി<br>പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
|---|---|
| (എ) ശ്രീ.പ്രമോദ്.എസ് T.C 4/45, കവടിയാർ പി.ഒ. അമ്പല നഗർ, തിരുവനന്തപുരം എന്നയാൾ സമാശ്വാസ തൊഴിൽ പദ്ധതി പ്രകാരം ആശ്രിത നിയമനത്തിനായി എന്നാണ് അപേക്ഷ നൽകിയിരുന്നത്; ഈ അപേക്ഷയിൽ എന്ത് തീരുമാനമാണ് സർക്കാർ കൈക്കൊണ്ടിട്ടുള്ളത്; | (എ) ശ്രീ.പ്രമോദ്.എസ്. സമാശ്വാസ തൊഴിൽദാന പദ്ധതിയ്ക്ക് അപേക്ഷ സമർപ്പിച്ചത് 28/04/2000-ലാണ്. ശ്രീ.പ്രമോദ്. എസ്.-നെ വിവിധ വകുപ്പുകളിലേയ്ക്കുള്ള എൽ.ഡി.സി. സീനിയോറിറ്റി ലിസ്റ്റിൽ ഒന്നാമതായി ഉൾപ്പെടുത്തിയിട്ടുണ്ട്. |
| (ബി) ഈ അപേക്ഷയിൽ കാലതാമസം വരാനുള്ള കാരണം എന്താണെന്ന് വ്യക്തമാക്കാമോ; | (ബി) പൊതുഭരണ വകുപ്പിൽ സെക്ഷൻ ഓഫീസറായിരിക്കെ മരണപ്പെട്ട കൃഷ്ണമ്മ.പി.എൻ.-ന്റെ മകൻ ശ്രീ.പ്രമോദ്. എസ്., സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം 28.04.2000-ൽ സമർപ്പിച്ച ഒരു അപേക്ഷ, തിരുവനന്തപുരം ജില്ലാ കളക്ടറുടെ അന്വേഷണത്തിനുശേഷം 31/10/2016-ൽ പൊതുഭരണ വകുപ്പിൽ ലഭിച്ചു. പ്രസ്തുത അപേക്ഷയിൽ, അപേക്ഷകന് ക്ലാസ്-III വിഭാഗത്തിൽ നിയമനം നൽകണമെന്നാണ് ആവശ്യപ്പെട്ടിരുന്നത്. നിയമനം ആഗ്രഹിക്കുന്ന തസ്തിക കൃത്യമായി അപേക്ഷയിൽ രേഖപ്പെടുത്തിയിട്ടില്ലായിരുന്നു. പിന്നീട്, വിവിധ സർക്കാർ വകുപ്പുകളിൽ ഏതിലെങ്കിലും എൽ.ഡി.സി. തസ്തികയിൽ തിരുവനന്തപുരം ജില്ലയിൽ നിയമനം നൽകണമെന്ന് വ്യക്തമാക്കികൊണ്ട് ശ്രീ.പ്രമോദ്.എസ്. 15/02/2017-ൽ അപേക്ഷ സമർപ്പിച്ചതിനെ തുടർന്ന് പ്രസ്തുത അപേക്ഷ വിശദമായി പരിശോധിക്കുകയും ജില്ലാ കളക്ടറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ശ്രീ.പ്രമോദ്.എസ്.-ന് എൽ.ഡി.സി. തസ്തികയിൽ നിയമനം ലഭിക്കുന്നതിന് അർഹതയുണ്ടെന്ന് കണ്ടെത്തുകയുമുണ്ടായി. |

| | | | |
|---|---|---|---|
| (സി) | ആശ്രിത നിയമനത്തിനായി ശ്രീ പ്രമോദിനെ പരിഗണിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വർഷങ്ങൾക്കുമുമ്പ് ജോലി ലഭിക്കേണ്ട ഇദ്ദേഹത്തിന് തന്റേതല്ലാത്ത കാരണത്താൽ കാലതാമസം വന്നത് പരിഗണിച്ച് നിലവിൽ ആദ്യം ഉണ്ടാകുന്ന ഒഴിവിലേക്ക് ശ്രീ.പ്രമോദിനെ പരിഗണിക്കുമോ എന്നറിയിക്കാമോ? | (സി) | ഉണ്ട്. ഒഴിവുകൾ റിപ്പോർട്ട് ചെയ്യപ്പെടുമ്പോൾ ശ്രീ.പ്രമോദിന്റെ ഊഴം വരുന്ന മുറയ്ക്ക് നിയമനം നൽകുന്നതാണ്. |

സെക്ഷൻ ഓഫീസർ.